"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി - തൃശ്ശൂർ ജില്ല - കൈപ്പമംഗലം നിയോജക മണ്ഡലം -എടവിലങ്ങ് ഗ്രാമപഞ്ചായത്ത് - Kunjayini - Malabar Road Tarring എന്ന പ്രവൃത്തിക്ക് പകരമായി 'കുഞ്ഞയിനി നോർത്ത് എൻഡ് ടു ഗിരിജ പാലം റോഡ്" ടൈൽ വിരിച്ച് ഉപയോഗയോഗ്യമാക്കുന്നത്- ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.94/2023/LSGD    തീയതി,തിരുവനന്തപുരം, 13-04-2023

പരാമർശം:-

1. 09.01.2020 തീയതിയിലെ സ.ഉ.(കൈ) നം. 13/2020/തസ്വഭവ ഉത്തരവ്.
2. 24.12.2020 തീയതിയിലെ സ.ഉ.(കൈ) നം. 200/2020/തസ്വഭവ ഉത്തരവ്.
3. 29.01.2021 തീയതിയിലെ സ.ഉ.(കൈ) നം. 20/2021/തസ്വഭവ ഉത്തരവ്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.03.2023 തീയതിയിലെ LIDEW/111/2023-DB4/സിഇ/ തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ല, കൈപ്പമംഗലം നിയോജക മണ്ഡലം, എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ "Kunjayini - Malabar Road Tarring" എന്ന പ്രവൃത്തിക്ക് പരാമർശം (3) പ്രകാരം 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

ടി പ്രവൃത്തി 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിയിട്ടുള്ളതിനാൽ ടി റോഡിനായി അനുവദിച്ച തുക ഉപയോഗിച്ച് 'കുഞ്ഞയിനി നോർത്ത് എൻഡ് ടു ഗിരിജ പാലം റോഡ്" ടൈൽ വിരിച്ച് ഉപയോഗയോഗ്യമാക്കുന്നതിന് ഭരണസമിതി യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതിനാൽ പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം തൃശ്ശൂർ ജില്ല, കൈപ്പമംഗലം നിയോജക മണ്ഡലം, എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ "Kunjayini - Malabar Road Tarring" എന്ന പ്രവൃത്തിയ്ക്ക് നൽകിയ 10 ലക്ഷം രൂപയുടെ ഭരണാനുമതി ഭേദഗതി ചെയ്ത് ടി തുക "കുഞ്ഞയിനി നോർത്ത് എൻഡ് ടു ഗിരിജ പാലം റോഡ് ടൈൽ വിരിച്ച് ഉപയോഗയോഗ്യമാക്കൽ" എന്ന പ്രവൃത്തിക്കായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u>

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

സെക്രട്ടറി, എടവിലങ്ങ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju l s
സെക്ഷൻ ഓഫീസർ
Date: 13-04-2023 14:39:03